TVM സെക്സ്

ഹൃദയാഞ്ജലി, നിരഞ്ജൻ

സംസ്ഥാന സ്കൂൾ കലോൽസവത്തിന്റെ ഹയർ സെക്കൻഡറി, ഹൈസ്കൂൾ വിഭാഗം മലയാള കവിതാരചനയിൽ പങ്കെടുത്തവർ പഠാൻകോട്ട് ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച മലയാളി ജവാൻ നിരഞ്ജന്റെ ഓർമകളിൽ അക്ഷരപ്രണാമങ്ങളർപ്പിക്കുന്നു.

● പി.ആർ. സീതാലക്ഷമി

ജിഎച്ച്എസ്, മണ്ണഞ്ചേരി, ആലപ്പുഴ

ജവാന്മാർ,
ജീവിക്കാൻ നിനച്ച് കൊതിതീരാതെ വിടവാങ്ങുന്നവർ...
സ്വജീവിതം ത്യജിച്ച് സഹോദരങ്ങളെ സംരക്ഷിക്കുന്നവർ...
അവരുടെ ഹൃദയനൈർമല്യമെന്നും
സ്മരിക്കാതെ നമുക്കെന്തു ജീവിതം?

● അഞ്ജലി ക്രിസ്റ്റി ജോസ്

സെന്റ് ജോസഫ്സ് എച്ച്എസ്എസ്, കല്ലടി, വയനാട്

ധീരചിത്രം വരഞ്ഞു മാഞ്ഞുപോയ നിരഞ്ജൻ,
നിന്നോടൊപ്പം ഞാനുമീയെന്റെ തലമുറയും,
കർമബോധത്തിൻ ദീപം കെടാതെ സൂക്ഷിക്കാൻ.

● ലയ രാജൻ

ടിവിടിഎംഎച്ച്എസ്, വെളിയം, കൊല്ലം

ജീവിതപാതയുടെ നൽപാതിയെയും
പാൽച്ചിരി മായാത്ത പിഞ്ചുമകളെയും
സ്വദേശത്തിനർപ്പിച്ച ധീരപുത്രാ, പ്രണാമം

● അനഘ ജി. ജയചന്ദ്രൻ,

സികെഎംഎച്ച്എസ്എസ്, കോരുത്തോട്, കോട്ടയം

ദേശത്തിനായി നീ ബലിനൽകി,
ധീരമാം നിന്റെയാത്മാവിനെ...
മാതൃരാജ്യത്തിന്റെ മാഹാത്ംയത്തിന്
നാം തിരികെ നൽകുന്നതെന്ത് ?

● സോനു സുനിൽ,

ജിഎംബിഎച്ച്എസ്എസ്, ആറ്റിങ്ങൽ, തിരുവനന്തപുരം

നിന്നിൽ തുളഞ്ഞിറങ്ങിയ വേദനയും
തൊണ്ടയിൽ ബാക്കിയായ ജയ്ഹിന്ദ് ധ്വനിയും
എന്നെ തളർത്തുമ്പോൾ
ഞാനോർക്കുന്നു,
നിരഞ്ജനപുത്രിയുടെ അച്ഛനു
വേണ്ടിയുള്ള കാത്തിരിപ്പ്

സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹയർ സെക്കൻഡറി വിഭാഗം ദഫ്മുട്ടിൽ എ ഗ്രേഡ് നേടിയ തിരുവനന്തപുരം ആറ്റിങ്ങൽ ഗവ. മോഡൽ എച്ച്എസ്എസ്

സബ്ജില്ലയിൽ നിന്ന് അപ്പീലിൽ പുണ്യ പ്രദീപിന്റെ മന്ദഹാസം

തിരുവനന്തപുരം● ജില്ലാ തലത്തിൽ നിന്നുള്ള അപ്പീലിന്റെ കഥകൾ എല്ലാവരും പറയുമ്പോൾ വടകര ബിഇഎം സ്കൂളിലെ പുണ്യ പ്രദീപിന് പറയാനുള്ളത് സബ് ജില്ലയിലെ അപ്പീലിനെക്കുറിച്ചാണ്. ഹയർ സെക്കൻഡറി ലളിതഗാനത്തിൽ ഒന്നാംസ്ഥാനം സബ് ജില്ലയിൽ നഷ്ടമായെങ്കിലും ജില്ലയിലും സംസ്ഥാനതലത്തിലും 'മൃദുമന്ദഹാസം' പാടി ഒന്നാം സ്ഥാനം നേടി, പുണ്യ പകരം വീട്ടി. ഒന്നാം ക്ലാസ് മുതൽ സംഗീതം അഭ്യസിച്ചുതുടങ്ങി. കർണാടിക് സംഗീതത്തിൽ സുരേഷ് ബാബു മണിയൂരും ഹിന്ദുസ്ഥാനി സംഗീതത്തിൽ അനിൽദാസ് കോഴിക്കോടും പരിശീലനം നൽകുന്നു. കഴിഞ്ഞ വർഷങ്ങളിൽ ഉർദു ഗസലിലും വിജയിയായിരുന്നു.

സംസ്ഥാന സ്കൂൾ കലോത്സവം
2016 ജനുവരി 17-23
തിരുവനന്തപുരം

37.5 ലക്ഷം രൂപയുടെ സൗജന്യ പഠനസൗകര്യങ്ങളുമായി എൻജിനീയറിങ് പ്രവേശനം അഞ്ചു പേർക്ക്

കലോൽസവത്തിലെ പ്ലസ് ടുക്കാർക്ക് സൗജന്യ എൻജിനീയറിങ് പഠനം

● പഠനാവസരം തക്കല നൂറുൽ ഇസ്ലാം സർവകലാശാലയിൽ

തിരുവനന്തപുരം ● ഇക്കൊല്ലം പ്ലസ് ടുവിനു പഠിച്ച്, സംസ്ഥാന കലോൽസവത്തിൽ മൽസരിക്കാനെത്തുന്ന കുട്ടികളിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്ന അഞ്ചു പേർക്കു സൗജന്യ എൻജിനീയറിങ് പഠനത്തിനു മലയാള മനോരമ അവസരമൊരുക്കുന്നു.

താമസമുൾപ്പെടെ ഏഴര ലക്ഷത്തോളം രൂപ വീതം ഓരോരുത്തർക്കും ചെലവു വരുന്ന സൗജന്യ എൻജിനീയറിങ് പഠനം കന്യാകുമാരി തക്കല കുമാരകോവിലിലെ നൂറുൽ ഇസ്ലാം സർവകലാശാലയിലാണ് ഒരുങ്ങുന്നത്.

അഞ്ചു പേർക്കായി ആകെ 37.5 ലക്ഷം രൂപയുടെ പഠനസൗകര്യങ്ങൾ ലഭിക്കും. ഇതിനായി കലോൽസവത്തിന്റെ മുഖ്യവേദിയായ പുത്തരിക്കണ്ടം മൈതാനത്തെ മനോരമ സ്റ്റാളിൽ നിന്നു ലഭിക്കുന്ന അപേക്ഷാഫോം പൂരിപ്പിച്ചു നൽകണം. എൻജിനീയറിങ് യോഗ്യത നേടിയശേഷം നൂറുൽ ഇസ്ലാം സർവകലാശാലയിലും അപേക്ഷ നൽകണം. അവരിൽ നിന്നു പഠനമികവും സാമ്പത്തികസ്ഥിതിയും പരിഗണിച്ചാണു സർവകലാശാല പ്രവേശനം നൽകുക.

NOORUL ISLAM CENTRE FOR HIGHER EDUCATION
NICHE

സംസ്ഥാന സ്കൂൾ കലോൽസവത്തിൽ നൃത്തവേദിക്ക് പിന്നിൽ മൽസരത്തിന് ശേഷം സ്വന്തം പ്രകടനം സ്ക്രീനിൽ കണ്ടുവിലയിരുത്തുന്ന നർത്തകി. ഡിലേയ്ഡ് ലൈവ് സംവിധാനത്തിലൂടെയാണ് ഐടി അറ്റ് സ്കൂൾ ഈ സൗകര്യമൊരുക്കിയിരിക്കുന്നത്. അപ്പീലുകൾ നിയന്ത്രിക്കാനും ഈ സംവിധാനം ഫലപ്രദമാകുമെന്നാണു വിലയിരുത്തൽ. പ്രകടനം തീർന്നു 10 മിനുട്ടിനുള്ളിലാണ് ഡിലേയ്ഡ് ലൈവ് സൗകര്യം ഒരുക്കിയിരിക്കുന്നത്.

ചിരിയുടെ തിരുവനന്തപുരം

● ഏത് കലോൽസവത്തിലും സദസ്സിനെ ഇളക്കിമറിക്കുന്ന മിമിക്രി വേദി ഇത്തവണ സമ്മാനിച്ചത് എന്തൊക്കെ?

പ്രേമമെന്നാൽ എന്താണ് പെണ്ണേ....
അത്, കരളിനുള്ളിലെ തീയാണ് കണ്ണേ....

പുതുതലമുറയുടെ സൂപ്പർ ഹീറോ പൃഥ്വിരാജായിരുന്നു വേദിയിൽ...ആളല്ല, ശബ്ദം മാത്രം. സംസ്ഥാന സ്കൂൾ കലോൽസവത്തിൽ മിമിക്രി അരങ്ങേറിയ വിജെടി ഹാളായിരുന്നു വേദി. ഒരുപക്ഷേ, ഉമ്മൻ ചാണ്ടിയും വിഎസ്സും. കഴിഞ്ഞാൽ മിമിക്രി വേദിയിൽ ഏറ്റവും കൂടുതൽ മുഴങ്ങിക്കേട്ടതു പൃഥ്വിയുടെ പാട്ടായിരുന്നു!

അനുകരിക്കാൻ പാടുള്ളതുകൊണ്ടാണോ എന്നറിയില്ല, പൃഥ്വിരാജിന്റെ ശബ്ദം അവതരിപ്പിക്കാൻ കുട്ടികൾ കണ്ടുപിടിച്ച സൂത്രമായിരുന്നു അമർ അക്ബർ അന്തോണിയിലെ പാട്ട്. പൃഥ്വിരാജ് പാടി അഭിനയിച്ച പാട്ടിനെ അതേപടി അവതരിപ്പിച്ചു കയ്യടി വാങ്ങിയവർ ഒട്ടേറെ. പല കണ്ഠങ്ങളിലൂടെ പ്രഭാതം പൊട്ടിവിടർന്നു. ട്രെയിൻ പാഞ്ഞുപോയി. പഴയകാല നടന്മാരും കൂകിപ്പാഞ്ഞെത്തുന്ന ട്രെയിനും പൂച്ചയുമെല്ലാം പഴങ്കഥയാകുന്നതിന്റെ സൂചന മിമിക്രി വേദിയിലുണ്ടായിരുന്നു. തിരുവനന്തപുരം ആവേശത്തോടെ കാണാനെത്തിയ മിമിക്രി വേദി നിരാശപ്പെടുത്തിയോ എന്ന് അന്വേഷിക്കുകയാണു ട്രിവാൻഡ്രം ഡെയ്സ്.

തരംഗിണി വേദിയിൽ ആദ്യം പെൺകുട്ടികളുടെ മൽസരമായിരുന്നു. നിരാശ പടർത്തിയ പ്രകടനങ്ങൾക്കിടെ വന്ന തിരുവനന്തപുരത്തുകാരി ഷഫ്ന മറിയത്തിന്റെ പ്രകടനമാണു വേദിയെ ചൂടുപിടിപ്പിച്ചത്. ഒന്നിനു പുറകെ ഒന്നായി ശബ്ദങ്ങൾ ഒഴുകിയെത്തിയ പ്രകടനത്തിനു നിറഞ്ഞ കയ്യടി സമ്മാനിച്ചു തിരുവനന്തപുരം സന്തോഷമറിയിച്ചു. പിന്നെയും വിരസമായ അനുകരണങ്ങൾ.. പതിവു പ്രകടനങ്ങൾ.. ഇതിനിടയിലേക്ക് എത്തിയ മറ്റു ചില പെൺകുട്ടികളും സദസ്സിനെ ചിരിപ്പിച്ചു. കോഴിക്കോട്ടുകാരി രവീണയുടെ അവതരണമാണു കലോൽസവ വേദിയിൽ ഏറ്റവും ചിരിപടർത്തിയത്. ആൺകുട്ടികളെക്കാൾ മനോഹരമായി മിമിക്രി ചെയ്തു എന്ന കുട്ടിയെന്നു പറഞ്ഞതു വേദിയുടെ സുരക്ഷാ ചുമതലയിലുണ്ടായിരുന്ന വനിതാ സിവിൽ പൊലീസ് ഓഫിസർ. തൃശൂരിലെ ജോൺ സി ജോ സിനെ പോലെ ചിലരെ ഒഴിച്ചുനിർത്തിയാൽ പെൺകുട്ടികളുടെ മിമിക്രി വേദിയിൽ അദ്ഭുതം കാണാനുള്ള ഭാഗ്യം തിരുവനന്തപുരത്തിനു ലഭിച്ചില്ല. 'മിനിമം പ്രകടനം ഉറപ്പു നൽകുന്ന താവണം സംസ്ഥാനതല മൽസരങ്ങൾ. അതില്ലാത്ത ചില പ്രകടനങ്ങൾ മിമിക്രിവേദിയിൽ കണ്ടു. ഗ്രേസ് മാർക്കിനു വേണ്ടി മാത്രം മൽസരിക്കാനെത്തുന്ന രീതി അവസാനിപ്പിക്കണം' തപാൽ വകുപ്പ് ജീവനക്കാരനായി വിരമിച്ച രാജൻ ഇതു പറയുമ്പോഴും കുട്ടികളുടെ പ്രകടനത്തെ പ്രോൽസാഹിപ്പിക്കാൻ താനുണ്ടാവുമെന്ന ഉറപ്പുകൂടി നൽകും.

തിരക്കഥയെഴുതി വന്ന ചിരി!

അടുത്തതായി ചെയ്യാൻ പോകുന്നത്... മിമിക്രി വേദിയിൽ പതിവായ ഈ വാചകമെല്ലാം വിസ്മൃതിയിലായിരിക്കുന്നു. കൃത്യമായ സ്ക്രിപ്റ്റും അവതരണവുമെല്ലാമായി ശബ്ദത്തിൽ നിന്നും മറ്റൊന്നിലേക്കു മാറുമ്പോൾ ഈ കുട്ടികൾക്ക് എന്തൊരു സ്പീഡ്.....!!!

പൂച്ച ക്യൂ നിന്നാൽ....

അജു വർഗീസും ദുൽഖറും ആസിഫും വിനയ് ഫോർട്ടും അടക്കമുള്ള ന്യൂജെൻ സിനിമക്കാരെല്ലാം മിമിക്രി വേദിയിൽ അതിഥികളായെത്തി. കാവ്യ മാധവനും സൗണ്ട് തോമയുമെല്ലാം മോശമാക്കാതെ വേദിയിൽ നിറയുന്നതിനിടെ നരേന്ദ്ര പ്രസാദിനെ പോലെയുള്ളവരുടെ ശബ്ദം വിരസമായി അനുകരിച്ചവരും കൂട്ടത്തിലുണ്ട്. ബവ്റിജസിൽ ക്യൂ നിന്നു മദ്യം വാങ്ങുന്ന പൂച്ചയും നായും എങ്ങനെ ശബ്ദം പുറപ്പെടുവിക്കുമെന്ന വ്യത്യസ്തഇനമായിരുന്നു ഒരു പക്ഷേ, ഏറ്റവും അധികം കയ്യടി നേടിയത്.

നാളെ പോരൂ... വിജെടി ഹാളിലേക്ക്

തട്ടത്തിൻ മറയത്തിലെ നിവിൻ പോളി ഡയലോഗ് ഒരു പൂച്ച പറഞ്ഞാൽ എങ്ങനെ ഇരിക്കും? തൃശൂരിൽ പോയി വെടിക്കെട്ടു കാണാൻ കഴിയാത്തവർക്ക് എന്തു ചെയ്യാനാവും? ഇഷ്ട നടന്മാരുടെ ശബ്ദംകേൾക്കാൻ എന്താണു മാർഗം? ഇത്തരം രസകരമായ ചോദ്യങ്ങൾക്കു നമ്മുടെ കുട്ടികൾ കണ്ടെത്തിയ ഉത്തരമായിരുന്നു ഇന്നലെ മിമിക്രി വേദിയിൽ കേട്ടത്. മതി മറന്നു ചിരിക്കാനും അൽപം ചിന്തിക്കാനും വഴിയൊരുക്കുന്ന മിമിക്രി ആസ്വദിക്കാൻ തിരുവനന്തപുരത്തിന് ഒരവസരം കൂടിയുണ്ട്. നാളെ രാവിലെ ഒൻപതിനു വിജെടി ഹാളിലേക്ക് എത്തിയാൽ മതി. ഹൈസ്കൂൾ വിഭാഗം മിമിക്രി മൽസരം നാളെയാണ്...നാളെയാണ്....

ഗ്രീൻ റൂം

ഇങ്ങനെ തുറന്നിടാമോ? ടെൻഷനിൽ പൊലീസുകാർ

തിരുവനന്തപുരം ● പെൺകുട്ടികളുടെ ഗ്രീൻ റൂമുകൾ തുറന്ന നിലയിലാണ്, കർട്ടൻ പോലുമില്ല. വല്ലവരും വന്നു ഫോട്ടോയോ വിഡിയോയൊ ഒക്കെ എടുക്കുമോ എന്നു ഞങ്ങൾക്കു ടെൻഷനാണ്, വനിതാ പൊലീസുകാരുടെ അമ്മമനസ്സുകൾ ആശങ്ക പങ്കുവച്ചു. ഒന്നാം വേദിക്കു പിന്നിൽ പെൺകുട്ടികൾക്കായി ഒരുക്കിയിട്ടുള്ള ശുചിമുറികൾക്കു സുരക്ഷയൊരുക്കുന്നതിലും അവർ പ്രത്യേകം ശ്രദ്ധിക്കുന്നു. എല്ലാ ശുചിമുറികളുടെയും പുറത്തു പെൺകുട്ടികൾക്കുള്ളത് എന്ന് എഴുതിവയ്ക്കണമെന്ന ആവശ്യവും സംഘാടക സമിതിയെ അറിയിച്ചിട്ടുണ്ട്. ഗ്രീൻ റൂമുകൾക്ക് ഉടൻ മറ പിടിപ്പിക്കുമെന്നു സംഘാടകർ അറിയിച്ചു.

സംസ്ഥാന സ്കൂൾ കലോൽസവത്തിൽ നൃത്തവേദിക്ക് പിന്നിൽ മൽസരത്തിന് ശേഷം സ്വന്തം പ്രകടനം സ്ക്രീനിൽ കണ്ടുവിലയിരുത്തുന്ന നർത്തകി. ഡിലേയ്ഡ് ലൈവ് സംവിധാനത്തിലൂടെയാണ് ഐടി അറ്റ് സ്കൂൾ ഈ സൗകര്യമൊരുക്കിയിരിക്കുന്നത്. അപ്പീലുകൾ നിയന്ത്രിക്കാനും ഈ സംവിധാനം ഫലപ്രദമാകുമെന്നാണു വിലയിരുത്തൽ. പ്രകടനം തീർന്നു 10 മിനുട്ടിനുള്ളിലാണ് ഡിലേയ്ഡ് ലൈവ് സൗകര്യം ഒരുക്കിയിരിക്കുന്നത്.

അപ്പീലിൽ ആരാച്ചാർ; സോന മിന്നി

തിരുവനന്തപുരം ● കെ.ആർ. മീരയുടെ പ്രശസ്തമായ നോവൽ 'ആരാച്ചാർ' മോണോ ആക്ട് രൂപത്തിലവതരിപ്പിച്ച സോനയ്ക്ക് എ ഗ്രേഡിന്റെ തിളക്കം. പാലക്കാട് ആലത്തൂർ ബിഎസ്എസ് ഗുരുകുലം സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥിയായ സോന സുരേഷ് അപ്പീലുമായാണു സംസ്ഥാന മൽസരത്തിനെത്തിയത്. ആരാച്ചാരിലെ ചേതന എന്ന കഥാപാത്രത്തെ മികവോടെ വേദിയിലെത്തിച്ച സോന നാടക മൽസരത്തിലും പങ്കെടുക്കുന്നുണ്ട്. ജില്ലാ സ്കൂൾ കലോൽസവത്തിൽ മികച്ച നടിയായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സോന ബാബുരാജ് സംവിധാനം ചെയ്ത റിലീസ് ചെയ്യാനൊരുങ്ങുന്ന പച്ചക്കരിമ്പ് എന്ന ചിത്രത്തിലും അഭിനയിച്ചിട്ടുണ്ട്.